www.malankaralibrary.com



# ജ്ഞാന ശാസ്ത്രം : ഹേഗലും, മാർക്സും

**ഡോ.കെ.എം ഫ്രാൻസിസ്**

യാഥാർത്ഥ്യത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള അന്വേഷണവും, കണ്ടെത്തലുകളുമാണ് തത്വചിന്ത. ഈ അന്വേഷണം വ്യത്യസ്ഥ വിഭാഗങ്ങളിലായി രൂപം കൊണ്ടതാണ് വ്യത്യസ്ഥ ശാസ്ത്ര ശാഖകൾ. ഈ ശാസ്ത്ര ശാഖകളെ മുഴുവൻ ഏകീഭവിപ്പിക്കുന്ന ശാസ്ത്രശാഖയാണ് തർക്കശാസ്ത്രം.( Sceience of logic). ചെടികൾ, മൃഗങ്ങൾ,മനുഷ്യന്മാർ എന്നിവ വളരുന്നതു പോലെ യാഥാർത്ഥ്യത്തെ കുറിച്ചുള്ള അറിവും വളരുന്നുണ്ട്. അറിവിന്റെ വളർച്ചയുടെ വ്യത്യസ്ഥ ഘട്ടങ്ങൾ വിശദീകരിക്കുന്ന ചിന്താ പദ്ധതിയാണ് ജ്ഞാന ശാസ്ത്രം (epistemology). ജ്ഞാനം എങ്ങിനെ വളരുന്നുവെന്ന ചിന്തയാണ് ഒരു സമൂഹത്തിന്റെ വിദ്യാഭ്യാസ പ്രകിയയുടെ അടിത്തറ.ജ്ഞാന വളർച്ചാ സിദ്ധാന്തത്തിൽ തെറ്റു പറ്റിയാൽ ജ്ഞാന വളർച്ച മുരടിക്കും. വ്യത്യസ്ഥ രാഷ്ട്രങ്ങളുടെ അവികസിതാവസ്ഥയുടെ ഒരു കാരണം വിദ്യാഭ്യാസ മേഖലയ്ക്ക് ജ്ഞാനം ഉൽപ്പാദിപ്പിക്കാൻ കഴിവില്ലാത്തതാണ്. ജ്ഞാനോൽപ്പാദന രീതിയുടെ ഘടനയെന്തായിരിക്കണം എന്ന് ഏറ്റവും വ്യക്തമായി അപഗ്രഥിച്ച വ്യക്തിയാണ് ഇമ്മാനുവൽ കാന്റ് (Immanuel Kant, 1724 – 1804). കാന്റ് അവതരിപ്പിച്ച ജ്ഞാന ശാസ്ത്രത്തിന്റെ ചില പരിമിതികളെ ചൂണ്ടിക്കാണിച്ച് അവയെ പരിഹരിക്കാനാണ് ഹേഗൽ എൻസൈക്ലോപീഡിയ ലോജിക്ക് എന്ന ഗ്രന്ഥത്തിലൂടെ പരിശ്രമിക്കുന്നത്.

കാന്റും,ഹേഗലും നിർമിച്ച ജ്ഞാന ശാസ്ത്രത്തിലെ പിഴവുകൾ കണ്ടെത്താനാണ് കാറൽ മാർക്സ് ശ്രമിച്ചത്. കാറൽ മാർക്സ് പുതിയ ഒരു ജ്ഞാന വളർച്ചാ സമ്പ്രദായം നിർമ്മിച്ചില്ല. ഒരു സിദ്ധാന്തത്തിൽ പിഴവു കണ്ടെത്തുകയെന്നാൽ, ആ സിദ്ധാന്തം ഉപയോഗ ശൂന്യമാണെന്ന് അർത്ഥമില്ല. ഒരു സിദ്ധാന്തത്തിൽ ചില പിഴവുകൾ(anomalies) കണ്ടെത്തിയാൽ പ്രസ്തുത പിഴവ് ഇല്ലാത്ത വിധത്തിൽ പഴയ സിദ്ധാന്തത്തെ പരിഷ്ക്കരിക്കുന്ന പ്രക്രിയക്ക് കാന്റും, ഹേഗലും നൽകിയ പേരാണ് ഡയലക്റ്റിക്സ്. മാർക്സിന്റെ അനുനായികൾ നിലവിലുള്ള ജ്ഞാന സിദ്ധാന്തത്തെ മാർക്സിന്റെ വിമർശനങ്ങളുടെ വെളിച്ചത്തിൽ പുനർ നിർമ്മിക്കുന്നതിനു പകരം, നിലവിലുള്ള ജ്ഞാന സിദ്ധാന്തങ്ങളെ പൂർണ്ണമായും തള്ളിക്കളഞ്ഞു. അക്കാരണത്താൽ മാർക്സിസത്തിന് അധികാരം ലഭിച്ച രാജ്യങ്ങളില്ലെല്ലാം വിദ്യഭ്യാസ പ്രക്രിയ നശിച്ചു പോയി. ഇക്കാര്യം മനസ്സിലാകണമെങ്കിൽ കാന്റും, ഹേഗലും വികസിപ്പിച്ച ജ്ഞാന ശാസ്ത്രം വ്യക്തമാകണം. അതുകൊണ്ട് ഈ ലേഖനം കാന്റിന്റേയും,ഹേഗലിന്റെയും പശ്ചാത്തലത്തിൽ കാറൽ മാർക്സിന്റെ ജ്ഞാന ശാസ്ത്രം വിശകലനം ചെയ്യുന്നു. മാർക്സിനെ മനസ്സിലാ

www.malankaralibrary.com



ക്കാൻ കാന്റിനെയും, ഹേഗലിനെയും പഠിക്കാൻ മാർക്സിന്റെ അനുനായികൾ മറന്നുവെന്നതാണ് കാറൽ മാർക്സിനോടു ചെയ്ത ഏറ്റവും വലിയ അപരാധം.

ഇമ്മാനുവൽ കാന്റിനും കാറൽ മാർക്സിനും മദ്ധ്യവർത്തിയായി നിലകൊള്ളുന്ന ഹേഗലിനെ മനസ്സിലാക്കുമ്പോഴാണ് കാറൽ മാർക്സിന്റെ സംഭാവനകൾ വ്യക്തമാകുക.ഇത്തരമൊരു പരിശ്രമത്തിന്റെ ഭാഗമായി ഹേഗലിന്റെ രചനകൾ മനസ്സിലാക്കുകയെന്നത് ദുഷ്ക്കരമാണ്. എന്തുകൊണ്ടാണ് ഹേഗൽ ദുഷ്ക്കരമായിരിക്കുന്നത്?

## ഹേഗൽ തത്വ ചിന്തകനോ, ദൈവ ശാസ്ത്രജ്ഞനോ?

ഒരു വ്യക്തി ഗ്രന്ഥം രചിക്കുന്നത് മറ്റൊരുവന്റെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള കണ്ടെത്തലുകളെ കുറിച്ചുള്ള പ്രതികരണമായിട്ടാണ്. മറ്റൊരു വിധത്തിൽ എല്ലാ രചനകളും ആന്റിതിസീസ്സുകളാണ് (Antithesis). ആന്റിതിസീസ്സ് മനസ്സിലാകണമെങ്കിൽ തിസീസ്സ് എന്താണെന്ന് അറിയണം. ഗ്രന്ഥ രചയിതാക്കൾ എന്ത് തിസീസ്സിനെതിരെയാണ് പ്രതികരിക്കുന്നതെന്ന് സാധാരണയായി ഉന്നയിക്കാറില്ല. തിസീസ്സിന്റെ കൂടെ ആന്റിതിസീസ്സ് താരതമ്യം ചെയ്ത് വ്യത്യാസം തിരിച്ചറിയുമ്പോഴാണ് ആന്റിതിസീസ്സിന്റെ മൂല്യവും മൂല്യമില്ലായ്മയും തിരിച്ചറിയുക.

ഉദാഹരണമായി കാറൽ മാർക്സിന്റെ ഡോക്ടറൽ തിസീസ് പരിശോധിക്കുക. തിസീസ്സിൻെറ തലക്കെട്ട് വായിച്ചാൽ എന്താണ് കാറൽ മാർക്സ് അവതരിപ്പിക്കാനുദ്ദേശിക്കുന്ന ലക്ഷ്യമെന്ന് വ്യക്തമല്ല. ഡമോക്രിറ്റസിന്റെയും എപ്പിക്യൂറസ്സിന്റെയും പ്രകൃതി ശാസ്ത്രത്തിലുള്ള വ്യത്യാസം (On the difference between the natural Philosophy of Democritius and Epicurus) എന്നതാണ് തിസീസ്സിന്റെ തലക്കെട്ട്. ഈ തിസീസ്സ് യാഥാർത്ഥത്തിൽ പ്രപഞ്ചോൽപ്പത്തിയെകുറിച്ചുള്ള കത്തോലിക്ക സഭയുടെ കാഴ്ചപ്പാടിനെ ഖണ്ഡിക്കാൻ രചിച്ചതാണ്. തോമസ് അക്വീനാസ് എന്ന ദൈവ ശാസ്ത്രജ്ഞൻ പ്രപഞ്ചം സൃക്ഷ്ടിക്കപ്പെട്ടത് ഒരു കാരണക്കാരന്റെ പ്രവർത്തിയാണെന്ന്, അരിസ്റ്റോട്ടിലിന്റെ യുക്തി ഉപയോഗിച്ച് സ്ഥാപിക്കുന്നുണ്ട്. പ്രസ്തുത വാദത്തെ വിപുലീകരിച്ച് റൂസ്സോ എമിലി എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു. റൂസ്സോയുടെ വാദങ്ങളെ ഖണ്ഡിക്കാൻ പ്രപഞ്ചം സ്വയം ഭൂവാണെന്ന് (Sui Generis) തെളിയിക്കാൻ മാർക്സ് പരിശ്രമിക്കുന്നു. പ്രപഞ്ചം സ്വയം ഭൂവാണെന്ന് തെളിയിക്കാൻ ഡെമോക്രിറ്റിസിന്റെ കണങ്ങളെക്കുറിച്ചുള്ള സിദ്ധാന്തത്തിന് കഴിയില്ലായെന്നും, എന്നാൽ എപ്പിക്യൂറിസിന്റെ കണങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾക്ക് കഴിയുമെന്നും ഈ തിസീസിലൂടെ

www.malankaralibrary.com



മാർക്സ് ഉന്നയിക്കുന്നു. ഡെമോക്രിറ്റിസിന്റെ വാദമനുസരിച്ച് കണങ്ങൾ നേർ രേഖയിലൂടെ മാത്രമാണ് സഞ്ചരിക്കുക. നേർ രേഖയിലൂടെ സഞ്ചരിക്കുന്ന രണ്ട് കണങ്ങൾ ഒരുമിച്ച് ചേർന്ന് ഒരു പുതിയ മിശ്രിതമുണ്ടാകുക അസാധ്യമാണ്. എന്നാൽ എപ്പിക്യൂറസ്സിന്റെ വാദമനുസരിച്ച് കണങ്ങൾ ഇടക്കിടെ ദിശമാറുന്നു. ദിശമാറുന്ന കണങ്ങൾ കൂട്ടിയിടിച്ചാണ് പുതിയതായി സൃഷ്ടിക്കപ്പെടുന്നത്. കണങ്ങൾ ദിശമാറി സഞ്ചരിച്ചിട്ടാണ് പുതിയവ സൃഷ്ടിക്കപ്പെട്ട് പ്രപഞ്ചമുണ്ടായതെന്ന് എപ്പിക്യൂറസ് വാദിക്കുന്നു. റൂസ്സോയുടെ തിസീസ്സിന്റെ ആന്റിതിസീസ്സാണ് മാർക്സിന്റെ ഡോക്ടറൽ പ്രബന്ധം.

ഓരോ ഗ്രന്ഥവും ഇത്തരത്തിലുള്ള ആന്റിതിസീസ്സുകളാണെങ്കിൽ ഹേഗലിന്റെ കൃതികൾ ഏത് തിസീസിന്റെ ആന്റിതിസീസ്സാണ്? ഒറ്റ നോട്ടത്തിൽ ഇമ്മാനുവൽ കാന്റിനെതിരെയുള്ള വിമർശനമാണെന്ന് ഹേഗലിന്റെ രചനകളെന്ന് തോന്നാമെങ്കിലും, യാഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ എല്ലാ കൃതികളും കത്തോലിക്കാ ദൈവ ശാസ്ത്രത്തിനെതിരായ ലൂഥറൻ പ്രതികരണമാണ്. നവോത്ഥാനം (Renaissance), നവീകരണ വാദം(Reformation), പ്രബുദ്ധത(Enlightment) എന്നിങ്ങനെ യൂറോപ്പിലുണ്ടായ മൂന്ന് മുന്നേറ്റങ്ങളും കത്തോലിക്കാ ദൈവശാസ്ത്രത്തിനെതിരയുള്ള പ്രതികരണങ്ങളാണ്. കത്തോലിക്ക ദൈവ ശാസ്ത്രത്തിന്റെ നിലപാടുകളിലെ പിഴവുകളെ (anomalies) തിരുത്തി, ദൈവശാസ്ത്രത്തെ പരിഷ്ക്കരിക്കുക എന്നതാണ് ഹേഗലിന്റെ ലക്ഷ്യമായിരുന്നത്.

## അധികാരവും അറിവിന്റെ കുത്തകയും.

അനേകം ദൈവശാസ്ത്ര പ്രതിസന്ധികൾ ഹേഗൽ കത്തോലിക്ക സഭയ്ക്കെതിരെ ഉന്നയിക്കുന്നുവെങ്കിലും അവയൊന്നും കത്തോലിക്ക സഭയെയോ, സഭയിലെ ദൈവ ശാസ്ത്രജ്ഞന്മാരെയോ പേരെടുത്ത് പറഞ്ഞ് വിമർശിക്കുന്നില്ല. കത്തോലിക്കാ സഭയുടെ ജ്ഞാന സമ്പാദന മാർഗ്ഗത്തെ വിമർശന വിധേയമാക്കുമ്പോൾ സ്ക്കോളാസ്റ്റിക്സ്(Scholastics) സ്കൂൾമെൻ(Schoolmen) എന്നീ രണ്ട് പദങ്ങൾ ഉപയോഗിക്കുന്നു.

കത്താലിക്ക സഭയുടെ ജ്ഞാന സമ്പാദന രീതി പ്ളാറ്റോയുടെ ഡയലക്റ്റിക്സ് രീതിയും, അരിസ്റ്റോട്ടിലിന്റെ അതിഭൗതീക ശാസ്ത്രവും ചേർന്ന ഒരു സങ്കര സിദ്ധാന്തമായിരുന്നു. സിദ്ധാന്തം(Thesis),പ്രതിസിദ്ധാന്തം(Antithesis), വൈരുദ്ധ്യങ്ങളുടെ സമന്വയം (Synthesis) എന്നതായിരുന്നു സ്ക്കോളാസ്റ്റിൾ പഠന രീതി. ഈ രീതിയാണ് യൂറോപ്പിലെ യൂണിവേഴ്സിറ്റികളിൽ പ്രബലമായിരുന്നത്. രണ്ട് കാരണങ്ങളാൽ ഈ രീതി പ്രബുദ്ധതയുടെ വക്താക്കൾ വിമർശന

www.malankaralibrary.com



വിധേയമാക്കി.ഒന്നാമതായി ഈ രീതിയിൽ ക്രിസ്തുമതത്തിന്റെ സ്വന്തമായി യാതൊന്നുമില്ല, ഇവയെല്ലാം പ്ളാറ്റോയുടെയും, അരിസ്റ്റോട്ടിലിന്റെയും സിദ്ധാന്തങ്ങളുടെ പുനരവതാരമാണ്. രണ്ടാമതായി സത്യത്തിന്റെ മാനദണ്ഡം വാദ പ്രതിവാദത്തിലെ യുക്തിഭദ്രതയല്ല, പ്രത്യുത സഭാധികാരിയുടെ തീരുമാനമാണ്. സഭയുടെ അധികാരികൾക്കുമാത്രമെ അറിവിന്റെ അത്യുന്നതിയില്ലെത്താൻ കഴിയൂ എന്ന വാദത്തിനെതിരെയുള്ള മുന്നേറ്റമാണ് യൂറോപ്പിലെ പ്രബുദ്ധത (Enlightment). (1) സഭാധികാരികൾക്കുമാത്രമെ സത്യത്തിന്റെ പൂർണ്ണ ജ്ഞാനമുണ്ടാകൂ എന്ന രീതിയിൽ കത്തോലിക്കാ സഭ നിർമ്മിച്ച ദൈവ ശാസ്ത്ര ചിന്തകൾക്കെതിരെയുള്ള ലൂതറൽ വിമർശനമാണ് ഇമ്മാനുവേൽ കാന്റും ഹേഗലും തങ്ങളുടെ രചനകളിലൂടെ നിർവഹിക്കുന്നത്. ഇവർ രണ്ടുപേരും സ്ക്കോളാസ്റ്റിക് രീതിയെ വിമർശന വിധേയമാക്കുന്നുവെങ്കിലും, അതിനെ തന്നെ പരിഷ്ക്കരിച്ച് പുനസ്ഥാപിക്കുകയാണ് ചെയ്യുന്നത്.

വ്യക്തിധാർമ്മികത(Morality), സാമൂഹിക ധാർമ്മികത അഥവാ നീതിശാസ്ത്രം(Ethics), നിയമ സംഹിത(Law Codes), ഭാക്ഷാ വിജ്ഞാനം(Language), ഗണിത ശാസ്ത്രം(Mathematics) മുതലായവയായിരുന്നു യൂണിവേഴ്സിറ്റികളിലെ പ്രധാന പഠന വിഷയങ്ങൾ. കത്തോലിക്കാ സഭയുടെ ഔദ്യോഗിക ഭാഷയായിരുന്നു ലത്തീൻ (Latin) ഭാഷയായിരുന്നു യൂറോപ്പ്യൻ യൂണിവേഴ്സിറ്റികളിലെ ഔദ്യോഗിക ഭാഷ. ലത്തീൻ ഭാഷ അറിയാത്തവർക്കൊന്നും അറിവുണ്ടായിരുന്നില്ലെന്നായിരുന്നു കത്തോലിക്ക സഭയുടെ നിലപാട്.

കൂടാതെ കത്തോലിക്ക സഭയുടെ അടിസ്ഥാന ചിന്തയനുസരിച്ച പരിശുദ്ധാത്മാവാണ് (Holy spirit) അറിവിന്റെ ഉറവിടം. ഈ പരിശുദ്ധാത്മാവിന്റെ സമ്പൂർണ സഹവാസം മെത്രാന്മാർക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിരുന്നു. അതിനാൽ മെത്രന്മാർക്ക് മരണം വരെയും, മറ്റുള്ളവർക്ക് മെത്രാൻ അധികാരം നൽകുന്നതുവരെയും സത്യത്തെ കുറിച്ചുള്ള ജ്ഞാനമുണ്ടായിരിക്കും. എല്ലാ മനുഷ്യർക്കും സത്യത്തിന്റെ സമ്പൂർണ്ണതയിൽ പങ്കാളിത്വമുണ്ടെന്ന അവിറോ(Averrho) എന്ന മുസ്ലീം പണ്ഡിതന്റെ വാദത്തെ കത്തോലിക്ക സഭ തള്ളിക്കളഞ്ഞു.

എന്നാൽ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുന്നത് യുക്തിയിലൂടെയാണ്(Reason is the manifestation of Spirit) എന്നാണ് ഹേഗൽ വാദിച്ചത്. ദൈവാത്മാവ് യുക്തി (Reason) യാഥാർത്ഥ്യമാക്കാൻ (substantiable)നടത്തുന്ന പരിശ്രമമാണ് ഹേഗലിന് ലോക ചരിത്രം. ലോക ചരിത്ര നിർമിതിയിൽ മനുഷ്യന്റെ പങ്കിനെ ഹേഗൽ വിസ്മരിച്ചു എന്നതാണ് മാർക്സ് ഹേഗലിനെതിരെ ഉന്നയിക്കുന്ന പ്രതിവാദം.

www.malankaralibrary.com



## ഈഗോയും അറിവിന്റെ ഉറവിടവും

അധികാരിയുടെ സ്വരമാണ് സത്യമെങ്കിൽ, സത്യത്തെ അനുസരിക്കുകയെന്നാൽ അധികാരിയെ അനുസരിക്കുകയെന്നായി മാറി. സത്യം മനുഷ്യനെ സ്വതന്ത്രമാക്കുന്നുവെന്നതിന് അധികാരിയാണ് സ്വാതന്ത്യം നൽകുകയെന്നായി വ്യാഖ്യാനിക്കപ്പെട്ടു. അനുസരണമെന്നതിന്റെ അർത്ഥം സത്യത്തെ അനുസരിക്കുകയെന്നതു മാറി അധികാരിയെ അനുസരിക്കുകയെന്നായി. അധികാരി സമം സത്യം എന്നതാണ് കത്തോലിക്ക സഭയുടെ സൂത്രവാക്യം.

ഇമ്മാനുവൽ കാന്റിന്റെ യാഥാർത്ഥ പ്രമേയം സ്വാതന്ത്യമില്ലെങ്കിൽ ഉത്തരവാദിത്വമില്ല എന്നതാണ്. മനുഷ്യന്റെ പ്രവർത്തിയുടെ ഉറവിടം അവനവനിൽ നിന്ന് തന്നെ രൂപം കൊള്ളുന്നതാണ് സ്വാതന്ത്ര്യം. മറ്റുള്ളവർ കല്പിക്കുന്ന (Commandments) പ്രവർത്തികൾ ചെയ്യുന്നതാണ് അടിമത്വം. അതുകൊണ്ട് ധാർമ്മിക നന്മകൾ സ്വന്തം മനസ്സാക്ഷിയുടെ സ്വരമാകുകയും, ആ സ്വരം ഓരോ വ്യക്തിയും അനുസരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യമെന്ന് കാന്റ് ഉന്നയിക്കുന്നു. ഇത്തരത്തിൽ ഓരോ മനുഷ്യന്റെ ആന്തരികതിയിൽ നിന്നും സാമൂഹിക ജീവിതത്തിനാവശ്യമായ നിയമങ്ങൾ രൂപം കൊള്ളുമോ? അതോ ഇക്കാര്യം അധികാരികൾക്ക് മാത്രം മനസ്സിലാകുകയും, അനുനായികൾ അനുസരിക്കുകയും ചെയ്യുകയാണോ? സത്യം മനസ്സിലാക്കുന്നതിന് ഏതെങ്കിലും വർഗ്ഗത്തിന് കുത്തകാവകാശം നൽകിയിട്ടുണ്ടോ? ഇല്ലായെന്നു തെളിയിക്കാനാണ് സത്യം കണ്ടെത്താനുള്ള മാർഗ്ഗം, ജ്ഞാന വളർച്ചാ ശാസ്ത്രം, കാന്റ് വികസിപ്പിക്കുന്നത്.

ജ്ഞാന വളർച്ച യുക്തിയിലൂടേയോ, അനുഭവത്തിലൂടെയോ എന്നതാണ് പരമ്പരാഗത തർക്കം. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് ശുദ്ധയുക്തിയിലൂടെ ലോകത്തിലുള്ള എല്ലാ യാഥാർത്ഥ്യങ്ങളുടേയും ആന്തരികതയിലുള്ള തത്വം കണ്ടെത്താമെന്ന് പ്ലാറ്റോണിസ്റ്റുകൾ വാദിക്കുന്നു. ഇവരാണ് യുക്തിവാദികൾ. പ്ളാറ്റോയുടെ വാദത്തിൽ നിന്നും വ്യത്യസ്ഥമായി ഇന്ദ്രിയങ്ങളിലൂടെ മസ്തിഷ്കത്തിലുണ്ടാക്കുന്ന ചിത്രങ്ങളെ (images) വർഗ്ഗീകരിച്ച് (Classify) കാര്യകാരണ ബന്ധങ്ങളിലൂടെ (Cause - effect realtionship) വിശകലനം ചെയ്തുകൊണ്ടാണ് സത്യം കണ്ടെത്തേണ്ടതെന്ന് അരിസ്റ്റോട്ടിൽ വാദിക്കുന്നു. വർഗ്ഗങ്ങളാക്കി തിരിക്കാനുള്ള (classification) കള്ളികളുടെ (categories) നിർമ്മാണ തന്ത്രമാണ് അതിഭൗതിക ശാസ്ത്രം (Metaphysics).

അതിഭൗതിക ശാസ്ത്രത്തിലെ ഏറ്റവും പ്രധാന സിദ്ധാന്തം അവൈരുദ്ധ്യാത്മകതയാണ്. ഈ സിദ്ധാന്തമനുസരിച്ച് ഒരു യാഥാർത്ഥ്യത്തെ കുറിച്ചുള്ള പ്രസ്താവന സത്യമാകണമെങ്കിൽ ഒന്നുകിൽ (either) ഇത്

www.malankaralibrary.com



അല്ലെങ്കിൽ (or) അത് എന്ന ഘടന ആ പ്രസ്താവനയിലുണ്ടാകണം. ഉദാഹരണമായി ഒരു പഴം (fruit) ഒന്നുകിൽ (either) ചക്കയാവും അല്ലെങ്കിൽ (or) മാങ്ങയാവും. അല്ലാതെ ചക്ക മാങ്ങ എന്ന ഒരു യാഥാർത്ഥ്യമില്ല. ഇക്കാര്യത്തെ ഹേഗൽ അവതരിപ്പിക്കുമ്പോൾ A≠B എന്ന് മാത്രം പ്രസ്താവിക്കുന്നു. അതിന്റെ മറുപുറം A=A എന്നാണ്. മറ്റൊരുവിധത്തിൽ ചക്ക=ചക്ക മാങ്ങ=മാങ്ങ. അല്ലാതെ ചക്ക=മാങ്ങ എന്ന അവസ്ഥയെ അതിഭൗതിക ശാസ്ത്രം ഉൾക്കൊള്ളുന്നില്ല.

അതിഭൗതീക ശാസ്ത്രമനുസരിച്ച് ഒരു യാഥാർത്ഥ്യം ഒന്നുകിൽ അനന്തം (Infinite) അല്ലെങ്കിൽ പരിമിതം (Finite) അല്ലാതെ അനന്ത പരിമിതം എന്ന അവസ്ഥയില്ല.

ഒരു യാഥാർത്ഥ്യം ഒന്നുകിൽ സാർവ്വത്രികം (Universal)അല്ലെങ്കിൽ പ്രത്യേകം (Particular) അല്ലാതെ സാർവത്രിക പ്രത്യേകം (Universal Particular) എന്ന അവസ്ഥയില്ല.

ഇത്തരത്തിലുള്ള ചിന്തയെ അവൈരുദ്ധ്യാത്മകതയുടെ തത്വം ( Principle of Non Contradiction)എന്ന് വിളിയ്ക്കുന്നു. എന്നാൽ പ്രകൃതിയിലുള്ള എല്ലാവസ്തുക്കളുടെ സ്വഭാവം അടിസ്ഥാനപരമായി വൈരുദ്ധ്യാത്മകമാണ്.

ഉദാഹരണമായി പഴം ( Fruit) എന്നത് ഒരു സാർവ്വത്രിക വർഗ്ഗമാണ്. മുന്തിരിയെന്നത് ഒരു പ്രത്യേക (Particular) യാഥാർത്ഥ്യമാണ്. ഒരു ഉദാഹരണം വഴി ഇത് വ്യക്തമാക്കാം. ഒരു മനുഷ്യനോട് ഡോക്ടർ പഴം ധാരാളമായി കഴിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം കമ്പോളത്തിൽ ചെന്നപ്പോൾ മുന്തിരി, ചക്ക കൈതചക്ക മുതലായവ കണ്ടെത്തി. എന്നാൽ അദ്ദേഹത്തിന് പഴം (fruit) ലഭിച്ചില്ല. മുന്തിരിയെന്നാൽ സാർവത്രികവും പ്രത്യേകവും ഒരുമിച്ചു ചേർന്ന ഒരു യാഥാർത്ഥ്യമാണെന്നും, അതിനാൽ വൈരുദ്ധ്യാത്മകത വസ്തുക്കളുടെ സ്വഭാവമാണെന്നും, ഹേഗൽ ഉന്നയിക്കുന്നു. വൈരുദ്ധ്യാത്മക യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത യുക്തി ഘടനയാണ് സത്യന്വേഷണ മാർഗ്ഗത്തിലെ തടസ്സമായി ഹേഗൽ കണ്ടെത്തിയത്.

ഈ കണ്ടെത്തൽ ഹേഗലിന്റെ ദൈവശാസ്ത്രത്തിലും മാനവീക ചിന്തയിലും കാണാവുന്നതാണ്. യേശുക്രിസ്തു അനന്തനാണോ (Infinite) പരിമിതനാണോ (finite)? മറ്റൊരുവിധത്തിൽ യേശു ദൈവമോ മനുഷ്യനോ? കത്തോലിക്കാ സഭയുടെ ദൈവശാസ്ത്ര യുക്തി ഘടനയിൽ അനന്തപരിമിതൻ ( infinite + finite) എന്ന അവസ്ഥയില്ല. അതുകൊണ്ട് യേശുക്രിസ്തുവിനെ ദൈവമായി കാണാൻ മാത്രമേ കത്തോലിക്കാ സഭയ്ക്ക് കഴിയുന്നുള്ളു.

അതുകൊണ്ട് തന്നെ മനുഷ്യൻ അനന്തനാണോ പരിമിതനാണോ? മനുഷ്യൻ ഒരു അനന്തപരിമിതനാണെന്ന് ഹേഗൽ ഉന്നയിക്കുന്നു, ഹേഗലിന്റെ

www.malankaralibrary.com


ശരിയുടെ തത്വശാസ്ത്രം ( Philosaphy of Right) എന്ന ഗ്രന്ഥം വികസിക്കുന്നത് മനുഷ്യൻ കുടുംബം, പൊതുസമൂഹം, (Civil society), കോർപ്പറേഷൻസ്, രാഷ്ട്രം, അന്തരാഷ്ട്ര സമൂഹം എന്നീ ക്രമത്തിലാണ്. ഈ ഗ്രന്ഥത്തിന്റെ 5 മുതൽ 15 വരെയുള്ള ഭാഗങ്ങൾ മനുഷ്യനെ അനന്തപരിമിതൻ എന്ന് നിർവചിക്കുന്നു. ഒരു മനുഷ്യൻ അവനവനെ കുറിച്ച് ചിന്തിയ്ക്കുമ്പോൾ ഞാൻ (I) എന്ന ഒരു യാഥാർത്ഥ്യത്തെ അവന്റെ ആന്തരികതയിൽ കണ്ടുമുട്ടുന്നു. ഈ ഞാൻ (I) എന്ന യാഥാർത്ഥ്യത്തിന് ഉയരമില്ല, വണ്ണമില്ല, നിറമില്ല, യാതൊരു ഗുണങ്ങളാലും നിർവചനീയമല്ല. നിർവചിക്കാൻ കഴിയാത്ത എന്നിലുള്ള ഈ ഞാൻ അനന്തനാണ് ( infinite) സാർവത്രികമാണ് (Universal).

മനുഷ്യൻ തന്റെ ആന്തരികതയിലെ അനന്തതയെ മാത്രം ദർശിച്ചാൽ 'അഹം ബ്രഹ്മാസ്മി' എന്ന ഹിന്ദു തത്വചിന്തയുടെ നിഗമനത്തിലെത്തി ചേരുമെന്നും ഹേഗൽ വാദിക്കുന്നു. ഞാൻ അനന്തനാണെന്ന ഹിന്ദുമതചിന്ത മനുഷ്യനെ സംബന്ധിച്ച ഭാഗിക ശരിയാണ്. മനുഷ്യൻ അനന്തൻ മാത്രമല്ല പരിമിതൻ കൂടിയാണ്. അതുകൊണ്ട് മനുഷ്യൻ അനന്തപരിമിതനാണെന്ന് ഹേഗൽ ഉന്നയിക്കുന്നു. മനുഷ്യനിലെ ഈ "ഞാനിൽ" നിന്നാണ് സാർവ്വത്രിക നിയമങ്ങൾ ( Universal Law) ഉരുത്തിരിയുന്നത്. ഈ സാദ്ധ്യത എല്ലാ മനുഷ്യരിലും നില നിൽക്കുന്നു. മനുഷ്യനിലെ സാർവത്രിക സ്വഭാവമുള്ള ഞാൻ ( ego) എന്ന ഭാഗത്തെ സാർവ്വത്രിക നിയമങ്ങളുടെ ഉറവിടമായി അവതരിപ്പിക്കുന്നത് കാന്റാണ്.

**കാന്റിയൻ ജ്ഞാനശാസ്ത്രത്തിലെ പിഴവുകൾ.**

ജ്ഞാനശാസ്ത്രം കൂടുതൽ വ്യക്തമാകാൻ ഒരു യാഥാർത്ഥ്യത്തെ ഉദാഹരണമായി സ്വീകരിക്കാം. ജലം ( water) എന്ന യാഥാർത്ഥ്യത്തെ പരിശോധിക്കുക. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് ജലം എന്ന യാഥാർത്ഥ്യത്തെ മനുഷ്യന് അനുഭവിക്കാം. (experience) എന്നാൽ ഈ അനുഭവത്തിലൂടെ ജലം, ജലമായിരിക്കുന്നത് $H_20$ യുടെ സാന്നിദ്ധ്യം കൊണ്ടാണെന്ന് മനസ്സിലാക്കാൻ അനുഭവത്തിലൂടെ കഴിയുമോ? പ്ലാറ്റോണിൽ തത്വശാസ്ത്രം ജലം എന്ന യാഥാർത്ഥ്യത്തിൽ രണ്ടു ഭാഗമുണ്ടെന്ന് ഉന്നയിക്കുന്നു. ജലത്തിന്റെ ഇന്ദ്രിയങ്ങൾകൊണ്ട് അനുഭവിക്കുന്നതിനെ പ്രതിഭാസം ( Phenomenon) എന്നും, ഇന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കാൻ കഴിയാത്ത $H_20$ എന്ന ഭാഗത്തെ തത്വം (Noumen) എന്നും വിഭജിക്കുന്നു. (ഉദാഹരണം പ്ലാറ്റോയുടേതല്ല). ലോകത്തിലുള്ള എല്ലാ പ്രതിഭാസങ്ങളുടേയും ആന്തരികതയിലുള്ള തത്വത്തെ അന്വേഷിക്കുന്നതാണ് സത്യന്വേഷണം. തത്വത്തെ യുക്തികൊണ്ട് മാത്രമേ മനസ്സിലാക്കാൻ കഴിയുമെന്നും പ്ലാറ്റോണിസം പഠിപ്പിക്കുന്നു. യുക്തിയെ വഴിതെറ്റാതെ നയിക്കാൻ രൂപപ്പെടുത്തിയ നിയമങ്ങളാണ് തർക്കശാസ്ത്രം

www.malankaralibrary.com



(Science of logic). ഈ വിഷയം അതിഭൗതീക ശാസ്ത്രത്തിന്റെ ഒരു ഘടകമാണ്.

അനുഭവത്തിന് യാതൊരു പങ്കാളിത്തവുമില്ലാത്ത ശുദ്ധമായ യുക്തിയിലുടെ നിർമ്മിച്ചിരുന്ന സിദ്ധാന്തങ്ങളിലൂടെയാണ് യാഥാർത്ഥ്യത്തിന്റെ തത്വം (Noumen) കണ്ടെത്താൻ കഴിയുന്നതെന്ന വാദമായിരുന്നു തത്വശാസ്ത്രത്തിലും പ്രബലമായിരുന്നത്. ഇത്തരത്തിൽ കണ്ടെത്തുന്ന സിദ്ധാന്തങ്ങളാണ് 'a priori'സിദ്ധാന്തങ്ങൾ. ഇമ്മാനുവൽ കാന്റിന്റെ രചനകളിൽ തത്വം (Noumen) എന്ന പദത്തിനു പകരം 'things in itself' എന്ന പദം ഉപയോഗിക്കുന്നു.

'Thing in itself' നെ അഥവാ വെള്ളത്തിന്റെ ഉദാഹരണത്തിൽ $H_20$ എന്നതിനെ കണ്ടെത്താൻ ശുദ്ധമായ യുക്തിക്ക് കഴിയില്ല എന്ന ചിന്ത അവതരിപ്പിക്കുന്നത് ഇമ്മാനുവൽ കാന്റാണ്. കാന്റിന് ഈ കാഴ്ചപ്പാട് ജോർജ്ജ് ബർക്കിലി (George Berkely 1685-1753), ഡേവിഡ് ഹ്യൂം (David Heume 1711-1776) എന്നിവരിൽ നിന്നാണ് ലഭിച്ചത്. ഇവരുടെ ചിന്തയിൽ അനുഭവ വാദത്തിന് ശാസ്ത്രീയ രൂപം കൈവന്നു. ഡേവീസ് ഹ്യൂമിന്റെ വാദമനുസരിച്ച് നീരിക്ഷണത്തിലൂടേയും (Observation), അനുഭവങ്ങൾ മനസ്സിൽ നിർമ്മിക്കുന്ന ചിത്രങ്ങളിലൂടേയും (Impression) മനസ്സിൽ രൂപം കൊള്ളുന്ന ആശയങ്ങളാണ് (ideas) സിദ്ധാന്തങ്ങൾ. ഇത്തരത്തിൽ സിദ്ധാന്തങ്ങൾ കണ്ടെത്തുന്നതിനെ a posterior അഥവാ അനുഭവത്തിനുശേഷം എന്ന് വിളിക്കുന്നു. അനുഭവത്തിന് മുൻപുള്ള (a prior) ശുദ്ധയുക്തി (Pure reason) ഉപയോഗിച്ചുള്ള സിദ്ധാന്തങ്ങൾ വെറും ചർച്ചിതചർവ്വണങ്ങളാണെന്നും (tautology) ഹ്യൂം ഉന്നയിക്കുന്നു.

ഇമ്മാനുവൽ കാന്റിന്റെ വാദമനുസരിച്ച് അനുഭവത്തിന് മുൻപുള്ള യുക്തിയും (a priori or deduction) അനുഭവത്തിന് ശേഷമുള്ള യുക്തിയും (a posteriori or induction) തമ്മിലുള്ള ചേർച്ചയുടെ പരിശോധനയിലൂടെയാണ് അറിവ് വളരുന്നത്. യുക്തിവാദത്തിന്റേയും അനുഭവവാദത്തിന്റേയും സമന്വയം കാന്റിൽ കണ്ടെത്താൻ കഴിയും.

നിലവിലുള്ള ശാസ്ത്രവിഷയങ്ങൾ ഇമ്മാനുവൽ കാന്റ് ഉന്നയിക്കുന്ന രീതിയിലാണ് അവതരിപ്പിക്കുന്നത്. ഉദാഹരമായി സാമ്പത്തികശാസ്ത്രമെന്ന വിഷയം പരിശോധിക്കാം. സാമ്പത്തിക ശാസ്ത്രത്തിന്റെ ആദ്യ അധ്യായങ്ങൾ ചോദനത്തെ (demand) വിശകലനം ചെയ്യുന്നു. യുക്തിയിലൂടെ ചോദന ഘടന (demand structure) കണ്ടെത്തുന്ന അനുഭവത്തിന് മുൻപുള്ള ( a priori) സിദ്ധാന്തങ്ങളുണ്ട്. (a)W.S Jevons യുട്ടിലിറ്റി സിദ്ധാന്തം, (b)J.R.Hicks indifference സിദ്ധാന്തം, (c)J.Schumpeter ഉന്നയിക്കുന്ന Revealed Preference സിദ്ധാന്തം, (d)Newman Morgenston അവതരിപ്പിക്കുന്ന Uncertainity സിദ്ധാന്തം മുതലായവയാണ് അവ.

www.malankaralibrary.com



യുക്തികൊണ്ട് അവതരിപ്പിക്കുന്ന, ശുദ്ധയുക്തിയുടെ സംഭവനയായ, സൈദ്ധാന്തിക ചോദന ഘടനയും, കമ്പോളത്തിൽ നിന്ന് ലഭിക്കുന്ന അനുഭവത്തിനു ശേഷമുള്ള (a posteriori) ചോദനത്തിന്റെ ഘടനയും തമ്മിലുള്ള താരതമ്യമാണ് സാമ്പത്തിക ശാസ്ത്രത്തിലെ ആദ്യത്തെ അദ്ധ്യായങ്ങൾ.

ഇനി സ്ഥിതിവിവര ശാസ്ത്രത്തിലെ (Statistics) ഒരദ്ധ്യായം പരിശോധിക്കാം. സംഭാവ്യത സിദ്ധാന്തങ്ങളാണ് (Probability Theories) സ്ഥിതിവിവര ശാസ്ത്രത്തിലെ ഒരു പ്രധാന ഘടകം. സംഭാവ്യത സിദ്ധാന്തം തന്നെ apriori സംഭാവ്യത ഘടനയും, a Posteriori സംഭാവ്യതാ ഘടനയും തമ്മിലുള്ള താരതമ്യമാണ് എല്ലാ പരീക്ഷണങ്ങളുടെയും വിധിനിർണ്ണയിക്കാൻ ഉപയോഗിക്കുന്നത്. ഇത്തരത്തിൽ എല്ലാ ശാസ്ത്രവിഷയങ്ങളിലും a priori, aposteri ഘടകങ്ങളുണ്ട്. ഇതിൽ a priori ഘടകത്തെ മാർകിസ്റ്റ് ചിന്തകർ സമ്പൂർണ്ണമായി തള്ളിക്കളയുന്നു. മാർകിസ്റ്റ് ജ്ഞാനശാസ്ത്രത്തിലെ ഈ അപചയമാണ് ഇന്ത്യയിലെ മൊത്തം വിദ്യാഭ്യാസ പ്രക്രിയയുടെ അപചയവും. ഇന്ത്യയിൽ ജ്ഞാനം ഒറ്റക്കാലിൽ നടക്കുന്നു. A priori സിദ്ധാന്തങ്ങൾ നിർമ്മിക്കാനുള്ള സാധ്യതയെ മാർക്സിസം അതിഭൗതീക ശാസ്ത്രം (Melaphysics) എന്ന പേരിൽ തള്ളിക്കളയുന്നു.

കാന്റ് ശാസ്ത്രത്തിന്റെ വളർച്ചയെ ഉദ്ദീപിപ്പിക്കുന്ന a priori, aposteriori സമന്വയം സംഭാവന ചെയ്തുവെങ്കിലും സത്യാന്വേഷണമെന്ന പൊതു ലക്ഷ്യത്തിന്റെ സാധ്യതയെ തള്ളിക്കളഞ്ഞു. യാഥാർത്ഥ്യത്തിന്റെ ആന്തരികതയിലുള്ള തത്വത്തെ (Noumen or thing in itself) കണ്ടെത്താൻ കഴിയില്ല എന്ന അജ്ഞേയ വാദം കാന്റിന്റെ ജ്ഞാനശാസ്ത്രസിദ്ധാന്തത്തിലുണ്ട്.

വ്യക്തിനിഷ്ഠം (Subjective), വസ്തുനിഷ്ഠം (Objective) എന്നീ രണ്ടു വാക്കുകളെ കാന്റ് എങ്ങിനെയാണ് നിർവ്വചിക്കുന്നത് വ്യക്തമായാലാണ് സത്യാന്വേഷണമെന്ന പൊതുലക്ഷ്യത്തെ കാന്റിന്റെ ജ്ഞാനശാസ്ത്രം ഇല്ലാതാക്കുന്നതെന്ന് വ്യക്തമാക്കുക.

ഉദാഹരണമായി നമ്മുടെ കൺമുന്നിൽ വെള്ളമെന്ന യാഥാർത്ഥ്യമുണ്ടെന്ന് കരുതുക. നമ്മിൽ നിന്ന് വ്യത്യസ്തമായ വസ്തുവിനെയാണ് നാം വസ്തുനിഷ്ഠം എന്ന് വിളിയ്ക്കുക. വെള്ളത്തെക്കുറിച്ച് നമ്മുടെ മനസ്സിലുണ്ടാകുന്ന ആശയങ്ങളെ നാം വ്യക്തിനിഷ്ഠം (Subjective) എന്ന് വിളിയ്ക്കുന്നു. നമ്മുടെ മനസ്സിലെ ചിന്തയും, മനസ്സിനുപുറത്തുള്ള വസ്തുവും ഒന്നാകുന്നതാണ് വസ്തുനിഷ്ഠ വ്യക്തിനിഷ്ഠ തുല്യത, അഥവാ സത്യം.

കാന്റ് ഇക്കാര്യത്തിൽ ജോർജ്ജ് ബർക്കിലിയുടെ സിദ്ധാന്തത്തെ പിൻതുടരുന്നു. മനുഷ്യന്റെ ബുദ്ധിയിൽ രൂപപ്പെടുത്തിയ സിദ്ധാന്തമാണ് കാന്റിന് വസ്തു

www.malankaralibrary.com



നിഷ്ഠം (Objective), ഇന്ദ്രിയങ്ങളിലൂടെ വരുന്ന വസ്തുവിനെക്കുറിച്ചുള്ള ചിത്രങ്ങളാണ് (impression) വ്യക്തിനിഷ്ഠം (Subjective). ഇവ തമ്മിലുള്ള തുല്യതയാണ് കാന്റിന് സത്യം.

മനുഷ്യന്റെ ചിന്തയും, മനുഷ്യന്റെ ചിന്തയ്ക്കു പുറത്ത് വസ്തുവും തമ്മിലുള്ള പൊരുത്തം കണ്ടെത്തുന്നതിന് പകരം മനുഷ്യന്റെ ആന്തരികയ്ക്കകത്തുള്ള യുക്തിയും അനുഭവവും തമ്മിലുള്ള പൊരുത്തമാണ് കാന്റ് അന്വേഷിച്ചത്. ഈ അന്വേഷണരീതിയാണ് Subjective Idealism.

ഹേഗൽ ഈ രീതിയെ വിമർശിക്കുന്നു. ഹേഗൽ യുക്തിയിൽ കണ്ടെത്തുന്ന സിദ്ധാന്തത്തെ Form എന്ന് വിളിയ്ക്കുന്നു. വസ്തുവിന്റെ ആന്തരികതയിലുള്ള തത്വത്തെ content എന്നു വിളിയ്ക്കുന്നു. മറ്റൊരുവിധത്തിൽ Form വ്യക്തിയുടെ ആന്തരികതയിലുള്ള യുക്തിയാണ്. content വസ്തുവിന്റെ ആന്തരികതയിലുള്ള തത്വമാണ്. ഇവ രണ്ടും തുല്യമാകുന്നതിന് ഹേഗൽ നൽകുന്ന പേരാണ് താത്വികസിദ്ധാന്തം (Philosophical Idea), മാത്രമല്ല തത്വം കണ്ടെത്താമെന്നും, തത്വം പ്രതിഭാസത്തിൽ മുഴുവനായും പ്രകാശിച്ചു നിൽക്കുന്നുവെന്നും ഹേഗൽ അവതരിപ്പിക്കുന്നു. ഹേഗലിന്റെ ചിന്ത  പൂർണ്ണമായും സ്വീകരിച്ച് അതിന് ഭൗതീകവാദം എന്ന് പേർ നൽകുക മാത്രമാണ് മാർകിസ്റ്റുകൾ ചെയ്യുന്നത്. മാർക്സും, എംഗൽസും, ലെനിനും സത്യം ഉണ്ടെന്ന് വാദിക്കുന്നവരാണ്. എന്നാൽ ഭൂരിഭാഗം മാർകിസ്റ്റുകളും സത്യം ഇല്ല എന്ന് വാദിക്കുന്നവരും, ആപേക്ഷികാവാദത്തിന്റെ അടിമകളുമാണ്. സത്യം ഇല്ലായെന്നും, അറിയാൻ കഴിയില്ലായെന്നും വാദിക്കുന്നവർക്ക് ശുദ്ധയുക്തി അസംബന്ധമാണ്. ശുദ്ധയുക്തിയെ നിരാകരിക്കുന്ന യുവ മാർക്സിന്റെയും, എംഗൽസിന്റെയും നിലപാടുകളാണ് മാർകിസ്റ്റ് ജ്ഞാനശാസ്ത്രം ഒറ്റക്കാലൻ ശാസ്ത്രമായി മാറുന്നതിന്റെ കാരണം.

മാർക്സിസ്റ്റ് ജ്ഞാന ശാസ്ത്രത്തെ താഴെപ്പറയുന്ന ഉദാഹരണത്തിൽ നിന്ന് വ്യക്തമാക്കാം. ശരീരത്തിൽ സോഡിയത്തിന്റെ (Sodium) അളവു കുറഞ്ഞാൽ രക്തസർമ്മദം കുറയും, സോഡിയത്തിന്റെ അളവു കൂടിയാൽ രക്തസമ്മർദ്ദം കൂടും. രക്തസമ്മർദ്ദത്തിന്റെ കൂടുതൽ കുറവുകൾ കാര്യവും (effect) സോഡിയത്തിന്റെ രക്തത്തിലെ അളവ് കാരണവുമാണ്(cause). ശരീരത്തിൽ കാണുന്ന ഈ കാര്യകാരണ ബന്ധം (cause effect relationship)

a) മനുഷ്യന്റെ മനസ്സിൽ മാത്രം നിലനിൽക്കുന്ന ഒന്നാണ്.

b) ഓരോ യാഥാർത്ഥ്യത്തിന്റെ ആന്തരികതയിൽ മാത്രം കാണുന്നത്.

c) മനുഷ്യന്റെ മനസ്സിലും, യാഥാർത്ഥ്യത്തിന്റെ ആന്തരികതയിലും ഒരുമിച്ച് നിലനിൽക്കുന്നതാണ്.

www.malankaralibrary.com



ഇതിൽ ഒന്നാമത്തെ വിഭാഗമാണ് യുക്തിവാദികൾ(rationalist). ഇവർ അനുഭവത്തിന് മുൻപുള്ള (apriori) സിദ്ധാന്ത രൂപീകരണത്തെ സ്വീകരിക്കുകയും, അനുഭവത്തിനുശേഷമുള്ളവയെ (a posteriori)തള്ളി കളയുകയും ചെയ്യുന്നു.

ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽ പെട്ടവരാണ് ഭൗതീകവാദികൾ. ഇവർ അനുഭവത്തിന് മുൻപുള്ള അറിവിനെ (apriori) നിഷേധിക്കുകയും അനുഭവത്തിന് ശേഷമുള്ള അറിവിനെ (a posteriori) മാത്രം സ്വീകരിക്കുകയും ചെയ്യുന്നു. മാർക്സിസം രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇവർ യഥാർത്ഥത്തിൽ അനുഭവവാദികളാണ്(empiricists). എന്നാൽ അനുഭവവാദികളിൽ പലരും യാഥാർത്ഥ്യത്തിലുള്ള കാര്യകാരണബന്ധത്തെ മനസ്സിന്റെ സൃഷ്ടിയാണെന്ന് വാദിക്കുന്നവരാണ്(George Berkeley, David Hume). ഇവർക്ക് ഇന്ദ്രിയങ്ങളിലൂടെ മസ്തിഷ്ക്കത്തിലുണ്ടാക്കുന്ന അനുഭവങ്ങളെ ക്രോഡീകരിക്കുന്നതിൽ നിന്ന് ലഭിക്കുന്ന കാര്യകാരണ ബന്ധങ്ങളാണ് ആശയം(Idea). ഇവരാണ് ആശയവാദികൾ. ആശയവാദികളും, ഭൗതീതവാദികളും കാര്യകാരണ ബന്ധത്തെ കണ്ടെത്താനുള്ള a posteriori മാർഗ്ഗം മാത്രം പിൻതുടരുന്നു.

ഹേഗൽ മൂന്നാമത്തെ വിഭാഗത്തിൽപ്പെടുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തമനുസരിച്ച് കാര്യകാരണബന്ധങ്ങൾ സ്വതന്ത്രമായി മനുഷ്യന്റെ മനസ്സിലും പ്രപഞ്ചത്തിന്റെ ആന്തരികതയിലും നിലനിൽക്കുന്നുവെന്ന് ഉന്നയിക്കുന്നു. ഇദ്ദേഹം apriori മാർഗ്ഗത്തിന് ഒന്നാം സ്ഥാനവും, a posteriori യ്ക്ക് രണ്ടാം സ്ഥാനവും നൽകുന്നു.

**ജ്ഞാനവും പ്രയോഗവും**

തത്വം പ്രയോഗിക്കുന്നതിലൂടെയാണ് മനുഷ്യന്റെ അറിവ് വളരുന്നതെന്ന സിദ്ധാന്തം മാർക്സിസത്തിന്റെ സംഭാവനയാണെന്നാണ് പലരുടെയും തെറ്റിദ്ധാരണ. എന്നാൽ ഇത് ഹേഗലിന്റെ തന്നെ സംഭാവനയാണെന്ന് മാർക്സ് ഏറ്റുപറയുന്നു. യജമാനനും അടിമയും തമ്മിലുള്ള ബന്ധം വിശദീകരിക്കുമ്പോഴാണ് ഇക്കാര്യം ഹേഗൽ വ്യക്തമാക്കുന്നത്. തൊഴിലാളി പ്രകൃതിയിൽ പ്രവർത്തിക്കുമ്പോൾ പ്രകൃതിയ്ക്കു മാത്രമല്ല, തൊഴിലാളിയുടെ സത്തയ്ക്കും (Being) വളർച്ചയുകുന്നുവെന്ന് ഹേഗൽ വാദിക്കുന്നു.

എന്നാൽ തത്വത്തെ നിഷേധിച്ച് പ്രയോഗത്തെ മാത്രം മാർക്സിസ്റ്റുകാർ പിൻതുടർന്നു. തത്വമില്ലാത്ത പ്രയോഗമാണ് ആക്റ്റിവിസം(Activism) പ്രയോഗമില്ലാത്ത തത്വമാണ് ധ്യനജീവിതം (Contemplation). രണ്ടും കൂടിയതാണ് പ്രാക്സിസ്(Praxis). എന്നാൽ apriori യെ പൂർണ്ണമായി നിഷേധിക്കുന്നതിലൂടെ

www.malankaralibrary.com



പ്രയോഗിക്കുന്നവർ മാത്രം പാർട്ടി മെമ്പർമാരായി, പാർട്ടിക്കാർക്കുമാത്രം അറിവായി. അങ്ങിനെ അധികാരികൾക്ക് മാത്രം അറിവെന്ന അവസ്ഥയിലേക്ക് മാർക്സിസം അധ:പതിച്ചു.

**ബോധവും, സാഹചര്യവും**

മനുഷ്യന്റെ ബോധത്തിന് സാഹചര്യത്തെയും, സാഹചര്യത്തിന് ബോധത്തെയും നിർണ്ണയിക്കാനുള്ള കഴിവുണ്ട്. ഹേഗലിന്റെ ശരിയുടെ തത്വശാസ്ത്രം (Philosophy of Right)എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ നിലവിലുള്ള ഭൗതീക സാഹചര്യത്തിനപ്പുറത്തേക്ക് ചിന്തിക്കാൻ മനുഷ്യന് സാധ്യമല്ല എന്ന് പ്രമേയം ഉന്നയിക്കുന്നു. നിലവിലുള്ള സാഹചര്യത്തിനപ്പുറത്തേക്ക് ചിന്തിക്കാനുള്ള മനുഷ്യന്റെ കഴിവാണ് ഊഹ ചിന്ത(Speculative thought). ഊഹ ചിന്തയാണ് പുതിയ പരീക്ഷണങ്ങൾക്ക് സാധ്യത നൽകുന്നത്. സാഹചര്യങ്ങൾക്കുപരി ചിന്തിക്കാനുള്ള കഴിവാണ് സൃക്ഷ്ടിപരത (Creativity). സാഹചര്യത്തിനനുസരിച്ച് മാത്രമെ മനുഷ്യന് ചിന്തിക്കാൻ കഴിയൂ എന്ന മാർക്സിയൻ നിലപാട് ഭാഗികമാണ്. ഹേഗൽ ഊഹചിന്തയുടെ സാധ്യത ആത്മാവിന്റെ പ്രതിഭാസശാസ്ത്രം (Phenomenology of spirit) എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നു.

സിദ്ധാന്തമില്ലാത്ത പ്രവർത്തിയും (Practice without theory ), a priori ഇല്ലാത്ത a posteriori യും, സാഹചര്യത്തിനപ്പുറത്ത് ചിന്തിക്കാനുള്ള കഴിവില്ലായ്മയും മാർക്സിസിയൻ ജ്ഞാന ശാസ്ത്രത്തിന്റെ ബലഹീനതകളാണ്. എങ്കിലും യാഥാർത്ഥ്യങ്ങൾക്ക് സ്ഥിരമായ സ്വഭാവമുണ്ടെന്ന മാർക്സിയൻ വാദം, സത്യമുണ്ടെന്ന വാദം പുനരുജ്ജീവിപ്പിക്കുവാനുള്ള സാധ്യത നൽകുന്നു.

**Notes & References**

1. "പരിശുദ്ധാത്മാവിനെ സ്വീകരിക്കുമ്പോൾ ഓരോരുത്തർക്കും കിട്ടുന്നത് ഓരോരുത്തരുടെ പ്രത്യേക ദൈവിളിയോടും വിശ്വസ്തത പുലർത്തി ജീവിക്കാൻ ആവശ്യമായ ശക്തിയും അറിവുമാണ്. വി. ഗ്രന്ഥം വ്യാഖ്യാനിക്കിക്കാനുള്ള കഴിവല്ല. ദൈവവചനം പ്രസംഗിക്കാനും പഠിപ്പിക്കാനും മറ്റുമുള്ള അറിവും കഴിവുമൊക്കെ പരിശുദ്ധാത്മാവു നൽകുക അതിനുവേണ്ടി പ്രത്യേകം തിരഞ്ഞെടുക്കപ്പെടുകയും മാറ്റി വെയ്ക്കപ്പെടുകയും ചെയ്തിട്ടുള്ളവർക്കാണ്. ഇങ്ങനെ നോക്കുമ്പോൾ ഒരു വീട്ടമ്മക്ക് തന്റെ പ്രത്യേക ദൈവവിളിയോടു വിശ്വസ്തത പുലർത്തി ജീവിക്കാൻ ആവശ്യമായ അറിവും പ്രചോദനവും ശക്തിയുമാണ് പരിശുദ്ധാത്മാവു നൽകുക. അല്ലാതെ അർപ്പിത ജീവിതം നയിക്കുന്നവരുടെ ആദ്ധ്യാത്മിക നിയന്ത്രണം ഏറ്റെടുത്ത് നടത്താനുള്ള പ്രത്യേക സിദ്ധികളോ ദൈവശാസ്ത്രം പഠിപ്പിക്കാനുള്ള വിജ്ഞാനമോ അല്ല. ദൈവജനത്തെ ഭരിക്കുക, പഠിപ്പിക്കുക

www.malankaralibrary.com



തുടങ്ങി മെത്രാന്റെ പ്രത്യേക ദൈവിളിയോടു ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കാനാവശ്യമായ അറിവും ശക്തിയും പരിശുദ്ധാത്മാവ് മെത്രാനോ അദ്ദേഹത്തിന്റെ മേലധികാരികൾക്കോ അല്ലാതെ വീട്ടമ്മക്ക് സാധാരണ കൊടുക്കില്ല എന്നു ചുരുക്കം". കേരളത്തിലെ എല്ലാ മെത്രന്മാരും അംഗീകരിച്ച ഗ്രന്ഥത്തിൽ നിന്നാണ് മുകളിലെ വാചകം.

ഫാ.ഐസക് ആലപ്പാട്ട് CMI, തിരുവചനം തെറ്റിദ്ധരിച്ചവർ, വാല്യം - 1, സർഗ്ഗ ചേതന പബ്ളിക്കേഷൻസ് തൃശ്ശൂർ P(72)

2. "Objective scientific knowledge, '' says Dietzgen in his The Nature of the Workings of the Human Mind ( German edition, 1903), " seeks for causes not by faith or speculation, but by experience and induction, not a priori, but a posterriori. Natural science looks for causes not outsoide or behind phenomena, but within or by means of them''(S.94-95) "causes are the products of the faculty of thought. They are, however, not its pure products, but are produced by it in conjuction with sense materail. This sense material gives the causes thus produced their objective existence. Just as we demand that a truth should be the truth of an objective phenomenon, so we demand that a cause should be real, that it shoulkd be the cause of an objectivity given effect'' (S.98-99) "The cause of a thing is its connection ''(S.100'').(Lenin, Matterialism and Empiriocriticism, First published 1947, P,141(1987), Progress publishers, U.S.S.R)

www.malankaralibrary.com